മറ്റൊരു ഹൃദയം

കെ. ടി. ബാബുരാജ്

മറ്റൊരു ഹൃദയം

കെ. ടി. ബാബുരാജ്
(മലയാളം: ചെറുകഥ)

© 2023, K. T. Baburaj

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photo of an original work of art by Harold Hitchcock, a photograph by Harold Hitchcock. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മറ്റൊരു ഹൃദയം

പുലർകാലത്തു് പതിവായുണ്ടാകാറുള്ള ഉത്തേജനത്തിന്റെ ഉണർവിൽ നേരത്തെ കണ്ട സ്വപ്നത്തിലെ അശ്ലീലത്തിലേക്ക് ഒന്നു കൂടെ കൂപ്പുകുത്താൻ ജോണിക്കുട്ടാട്ടൻ കരിശ്രപള്ളി മെനക്കെട്ടുകൊണ്ടിരുന്നു. ഹോ എന്തൊരു് കാഴ്ചയായിരുന്നു. തുടകൾക്കിടയിലേക്ക് ഇരുകൈകളും ഒന്നൂടെ ആഴത്തിലാഴ്ത്തി കൊഞ്ചു പോലെ വളയുന്നതിനിടയിൽ സ്ഥാനം തെറ്റിപ്പോയ ഉടുമുണ്ടിനെ വലിച്ചു നേരെയിടാൻ ഒരു വൃഥാശ്രമം കൂടി നടത്തി ജോണിക്കുട്ടാട്ടൻ. ലിസിപ്പെണ്ണെങ്ങാനും കടന്നുവന്നെങ്കിൽ നാണക്കേടായേനേ. തുറിച്ചുള്ള നോട്ടവും വക്കും മൂലയും പൊട്ടിയ അർത്ഥം വെച്ചുള്ള മൂളലും കൊണ്ട് അവള് കളിപ്പിച്ച് കിടത്തും. അല്ലേലും അമ്പതഞ്ചിലെത്തിയവന്റെ ആത്മാവിന്റെ ആർത്തികൾ എങ്ങനെ പറഞ്ഞാണ് അവളെയൊക്കെ ബോധ്യപ്പെടുത്തുക.

പുറമേ നിന്ന് നോക്കുമ്പോ ലിസിപ്പെണ്ണ് സുന്ദരിയൊക്കെത്തന്നെയാ. അണിഞ്ഞൊരുങ്ങലും കൂടിയാവുമ്പോൾ പറയുകയും വേണ്ട. ന്നാലും ഒരു മട്ടുപ്പൊക്കെയുണ്ട്. അവൾക്കും കാണും. സ്നേഹിച്ചു കൊണ്ടിരിക്കുമ്പോൾ ഈയിടെയായി അവൾ കൊപ്പരയാക്കാൻ ഉടച്ചുവെച്ച തേങ്ങയെ കുറിച്ചോർത്ത് വേവലാതിപ്പെടും. മഴയെങ്ങാനും പെയ്തുപോയാ അതൊക്കെ കെട്ടുപോവുമല്ലോ കർത്താവേന്ന് ഒരു വിലാപം വരും. രസത്തിലൊന്ന് മുറുകുമ്പോഴായിരിക്കും അല്ലേലും ഈ മുട്ടുവേദനയ്ക്ക് ഹോമിയോ മരുന്നൊന്നും ഏശുകില്ലെന്നേന്നും പറഞ്ഞ് ഒന്ന് വേഗം നോക്കന്റെ ജോണിക്കുട്ടാട്ടാ ഞാൻ ചെന്ന് അടുപ്പിൻ കല്ലേല് ഇത്തിരി വിറകെട്ടു് ഉണക്കാൻ വെക്കട്ടേന്നും പറഞ്ഞ് ധൃതിപ്പെടും. മനുഷ്യൻ കഷ്ടപ്പെട്ടുണ്ടാക്കിയെടുത്ത സകല മൂഡും പോകും.

'എന്നാ നീ നിന്റെ പണ്ടാറടക്ക്' എന്ന് പ്രാകി ദേഷ്യത്തോടെ ഒന്നു രണ്ട് തവണ തിരിഞ്ഞു കിടന്നിട്ടുണ്ട്. അപ്പോഴൊക്കെ അവൾ പതുക്കെ ചേർന്നു കിടന്ന് വിരലുകൾ കൊണ്ട് വീണ മീട്ടുന്നതു പോലുള്ള ചില പ്രയോഗങ്ങൾ നടത്തും. അവൾക്കറിയാം ജോണിക്കുട്ടാട്ടന്റെ മർമ്മങ്ങൾ. ഏത് പാടാത്ത വീണയും അപ്പോൾ പാടും. എന്റെ ജോണിക്കുട്ടാട്ടാ ഒന്ന് തിരിഞ്ഞു കെടന്നേന്നും പറഞ്ഞവൾ കെഞ്ചും. എനിക്കിപ്പോ മൂഡില്ലാന്നും പറഞ്ഞ് ജോണിക്കുട്ടാട്ടൻ പ്രതികാരം വീട്ടും. ന്നാപ്പിന്നെ മൂഡ്ണ്ടാക്ക്ന്നും പറഞ്ഞു കൊണ്ടവൾ തലയിണ അയാൾക്കു മേൽ വലിച്ചെറിഞ്ഞ് തലമുടി വാരികെട്ടി മുരണ്ടുംകൊണ്ടെണീറ്റ് പോവും. തുറന്ന വാതിൽ വെളിച്ചത്തിൽ ഒരു എക്സറേ ചിത്രം പോലെ നൈറ്റിയിൽ തെളിഞ്ഞ അവളുടെ ഉടൽ ഇത്തിരി നേരം കൂടി കണ്ണിൽ പറ്റിക്കിടക്കും.

ജോണിക്കുട്ടാട്ടൻ കൊഞ്ചു പരുവത്തിൽ നിന്നും നിവർന്ന് കുറച്ചു നേരം സീലിംഗിൽ കറങ്ങിക്കൊണ്ടിരുന്ന ഫാനിന്റെ ഒച്ചക്കൊപ്പം കറങ്ങി. സുരതാനന്തരം അയാൾക്കുണ്ടാവാറുള്ള ആത്മനിന്ദ വന്ന് അപ്പോഴും പൊതിഞ്ഞു. അത്തരം നേരങ്ങളിലാണ് കിണറിലിറങ്ങുന്നതു പോലെ അയാൾ അയാളിലേക്കിറങ്ങുക. ടോർച്ചു ലൈറ്റിന്റെ വെട്ടത്തിലെന്ന പോലെ കിണറിന്റെ പടവുകളിറങ്ങുകയും കയറുകയും ചെയ്യും. ദർശനത്തിന്റെ ഭാരം അപ്പോൾ വലിയൊരു പാറക്കല്ലു പോലെ ജോണിക്കുട്ടാട്ടന്റെ ശിരസിൽ വന്നു പതിയും.



കട്ടിലിൽ നിന്നെണീക്കുമ്പോഴേക്കും ജോണിക്കുട്ടാട്ടൻ സീരിയസാവും. ചാർജ്ജ് ചെയ്യാനിട്ട ഫോണെടുത്ത് വൈഫൈ ഓണാക്കിവെച്ച് മുഖം കഴുകാൻ വാഷ്ബേസിനരികിലേക്ക് ചെല്ലും. വലിയ ഒച്ചയിൽ ചുമച്ചും കാർക്കിച്ചുതുപ്പിയും കുലുക്കിയുഴിഞ്ഞും അക്ഷരശ്ലോക മത്സരത്തിലെന്നപോലെ മത്സരിക്കുന്നതിനിടയിൽ അടുക്കളയിൽ നിന്നും ലിസിപ്പെണ്ണിന്റെ ഒച്ചവരും.

"എന്റെ ജോണിക്കുട്ടാട്ടാ ഒന്ന് പതുക്കെ ചെയ്യ്. ഇവ്ടെ മന്ഷ്യന് ഉളുത്ത്കേറ്ണ്."

അപ്പോഴാണ് തന്റെ ഒച്ചകൂടിയെന്ന് ജോണിക്കുട്ടാട്ടന് ബോധ്യപ്പെടുക. അമർഷത്തോടെ മുഖംതുടച്ച് ചാരുകസാരയിൽ വന്നിരുന്ന് പത്രത്തിൽ മുഖം പൂഴ്ത്തുന്നതിനിടയിൽ ലിസിപ്പെണ്ണ് ചായകൊണ്ടു വെച്ചു പോവും.

സാധാരണയായി രാവിലെ ലിസിപ്പെണ്ണിടുന്ന ചായ ഒരു പ്രത്യേക രസത്തിലുള്ളതാ. അതിന് പ്രത്യേകിച്ച് ഇത്രയും കാലമായിട്ടും വലിയ കോട്ടമൊന്നും പറ്റിയിട്ടില്ല. വയനാട്ടീന്ന് തീരുമ്പം തീരുമ്പം തേയില കൊണ്ടുവരും. കടുൻ ചായേല് ഒരു ഏലക്കാത്തരി ചതച്ചിട്ട് മിന്റിന്റെ ഒരില മേമ്പൊടിയായി കപ്പിൽ പൊങ്ങിക്കിടക്കും വിധമാണ് ലിസിപ്പെണ്ണ് ചായക്കപ്പ് നീട്ടുക. അത് രുചിയോടെ ഊതിയൂതി കുടിക്കുമ്പോ ഇതെന്നാ കൊച്ചു പിള്ളേര് ഒച്ചവെച്ച് കുടിക്കുന്നതു പോലെന്നൊരു തള്ളുണ്ട് അവളുടേതായി. ആ ലിസിപ്പെണ്ണിട്ട ചായയാ ഇതെന്തോന്ന് ചായയാടീന്നും പറഞ്ഞലറിക്കൊണ്ട് മുറ്റത്തേക്ക് വലിച്ചെറിഞ്ഞത്. "നീയെന്താ ഉള്ളിയരിഞ്ഞ കൈയ്യോണ്ടാണോടി ചായയിട്ടത്. ഉള്ളിമണത്തിട്ട് ചായ കുടിക്കാൻ മേല. പറഞ്ഞ് പറഞ്ഞ് ഒന്നിനും ഒരു വ്യവസ്ഥയില്ലാണ്ടായി നിനക്ക്."

ലിസിപ്പെണ്ണ് അയാളെ ഒന്നു തുറിച്ചുനോക്കി.

"അടുക്കളേല് നെരങ്ങുമ്പോൾ ഉള്ളിയൊക്കെ മണത്തെന്ന വരും. ചിലപ്പോൾ മീനും മണത്തെന്നു വരും വേണേല് കുടിച്ചേച്ചാ മതി".

ഉടുപ്പിൽ കൈ തുടച്ച് തിരിച്ചു നടക്കുമ്പോൾ അവളിത്രേം വിളിച്ചുപറഞ്ഞു.

"മുറ്റത്തേക്കെറിഞ്ഞ ചായക്കോപ്പ എടുത്തങ്ങ് കളഞ്ഞേക്കണം തൂത്തുവാരാൻ ഞാൻ തന്നെ വരുമെന്ന് കരുതി കാത്തിരിക്കണ്ട."

ഇത്തിരി നേരം കഴിഞ്ഞ് ഒരു തേങ്ങാമുറിയും കടിച്ചേച്ച് ലിസിപ്പെണ്ണ് വീണ്ടും വന്നു. "ചള്ള് തേങ്ങയാ കറിക്കരക്കാൻ കൊള്ളത്തില്ല. ഉച്ചയ്ക്ക് തേങ്ങയരച്ച കറിതന്നെ വേണേല് രണ്ട് തേങ്ങയെടുത്ത് പൊതിക്ക്. ഇന്ന് പ്രസംഗിക്കാനൊന്നും പോവണ്ടാല്ലോ..."

നിവർത്തിപ്പിടിച്ച പത്രത്തിനു മുന്നിൽ ഇരുന്നു എന്നല്ലാതെ ജോണിക്കുട്ടാട്ടൻ വാർത്തകളൊന്നും കണ്ടില്ല. ലിസിപ്പെണ്ണ് അടുത്ത കാലത്തായി പതിവില്ലാത്ത വിധം ചൂടായിത്തുടങ്ങുന്നതിന്റെ കാരണം തിരയുകയായിരുന്നു അയാളപ്പോൾ. എത്ര നല്ല പ്രസംഗമായാലും ഇരുപതു മിനിറ്റിനപ്പുറം സഹിക്കാൻ വയ്യാത്തതുപോലെ ഒരു മനുഷ്യനെ മറ്റൊരു മനുഷ്യൻ സഹിക്കുന്നതിന്റെ പരിധി എത്രയായിരിക്കും. ലോകത്ത് ഒരു മനുഷ്യനും മറ്റൊരു മനുഷ്യനെ അധികകാലം സഹിക്കാനാവില്ല എന്നത് നേര് തന്നെ. അപ്പോഴാണ് അറുപതു കൊല്ലത്തെ ദീർഘ ദാമ്പത്യവുമായി കടന്നു പോയ അപ്പനും അമ്മച്ചിയും പടമായി ചുമരിൽ കിടന്നു ചിരിച്ചത്. "ജോണിക്കുട്ടോ, രുചിയാണ് പ്രശ്നം. രുചിക്കുന്തോറും രുചി കുറഞ്ഞു പോകുന്നെന്ന് തോന്നുന്ന ഒന്നാണ് ദാമ്പത്യം. തോന്നലാണേ..."

"അപ്പാ..." അയാൾ നീട്ടി വിളിച്ചു.

അപ്പനപ്പോൾ തോട തൂങ്ങിയ അമ്മച്ചിയുടെ കാതിൽ എന്തോ മന്ത്രിച്ചു.

മനസ്സാണ് പ്രശ്നം. ഉരയ്ക്കുന്തോറും തിളങ്ങുന്ന കല്ലാണത്. എപ്പോഴും ഉരച്ച് വെടിപ്പാക്കി വെക്കണം. അല്ലെങ്കിൽ ക്ലാവു പിടിച്ച് ബോറാവും. ഇരുപത്തിരണ്ടാം വയസ്സില് കെട്ടിയേച്ച് കൊണ്ടുവരുമ്പോഴുള്ള ലിസിയെ ഇടയ്ക്കിടെ ജോണിക്കുട്ടാട്ടൻ ഓർക്കാറുണ്ട്. എന്ത് മുറ്റായിരുന്നു അവൾക്ക്. ഉള്ളംകയ്യിലെടുത്തമ്മാനമാടാൻ തോന്നും. ചെയ്തിട്ടുമുണ്ട്.

വട്ടംചുറ്റിക്കുമ്പോൾ "തല ചുറ്റുന്നേ ജോണിക്കുട്ടാട്ടാ താഴേല് വെക്ക്ന്ന്" ശ്വാസം മുട്ടിക്കൊണ്ടവൾ പറയും. ആകെ ചുവന്നു പോയ അവളുടെ മുഖത്ത് അപ്പോൾ ആഞ്ഞൊരു മുത്തം കൊടുക്കും.

ചാരുകസേരയിൽ നാണം വന്ന് ജോണിക്കുട്ടാട്ടൻ ചുരുണ്ടപ്പോൾ വീണ്ടും ലിസിപ്പെണ്ണിന്റെ ഒച്ച വന്നു. "തേങ്ങാ പൊതിച്ച് കിട്ടീലാ"

അവളുടെ കൈയ്യിൽ കടന്നുപിടിച്ച് ജോണിക്കുട്ടാട്ടൻ ചോദിച്ചു.

"നീയെന്താടി ഇങ്ങനെ..."

"നിങ്ങളെന്താ ഇങ്ങനെ" ലിസി തിരിച്ചും ചോദിച്ചു

"ഒരിതില്ലാതെ..."

"നിങ്ങൾക്കിതുണ്ടോ..."

"ഓ... നിന്റെയീ സൊഭാവാ എനിക്കൊട്ടും പിടിക്കാതെ"

"എനിക്കും"

അതും പറഞ്ഞ് ലിസി ഊർന്നു പോയി.

തേങ്ങ പൊതിക്കുമ്പോൾ ജോണിക്കുട്ടാട്ടൻ എന്തോ അശ്ലീലമോർത്തു. സുവർണ്ണ ജൂബിലി കഴിഞ്ഞേപ്പിന്നെ തൊട്ടുന്നതിലും നോക്കുന്നതിലുമൊക്കെ അശ്ലീലം കൂടിക്കൂടി വരുന്നുണ്ട്. 'മറ്റു പെണ്ണുങ്ങളോട് കൊഞ്ചാനും ഫോണിൽ ചാറ്റാനും' എന്ന് ഇടക്കിടെ ലിസി തിരുത്തും. സത്യാണ്. അവളും അമ്പതിനോടടുക്കുകയാണ്. ഇപ്പോൾ അവൾക്കെങ്ങനെയാണെന്നറിയാൻ മോഹമില്ലാതില്ല. പക്ഷേ, അടുക്കാൻ പറ്റണ്ടേ. കുരച്ചു ചാടും. ന്റമ്മോ. "ആർത്തവിരാമത്തോടടുത്ത പെണ്ണുങ്ങൾ ചിലർ അക്രമാസക്തരാവും. അവർ എപ്പോഴും അസ്വസ്ഥരായിരിക്കും. ശബ്ദവും വെളിച്ചവും പോലുമവരെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. സ്നേഹത്തോടെ സംസാരിക്കുക. ഒപ്പമുണ്ടെന്ന തോന്നലുണ്ടാക്കുക. വർത്താനത്തിന് വലിയ ഒച്ച വേണ്ട. പറ്റുമെങ്കില് നേരിയ സംഗീതം കേൾപ്പിക്കുക. ശാന്തമായിക്കോളും. ലക്ഷണം കേട്ടിട്ട് ഇത് മറ്റേതിന്റെതുതന്നെയാ..."

ഹോമിയോ ഡോക്ടർ ചങ്ങാതി സമാധാനിപ്പിച്ചു.

"ക്ലിനിക്കില് വന്നാല് ഞാനിത്തിരി പഞ്ചാര മിട്ടായി തരാം."

"ഓ" തൃപ്തിയാവാതെ ജോണിക്കുട്ടാട്ടൻ മൂളി.

"അമ്പതഞ്ചിലും സംഗതിയൊക്കെ കൃത്യമായി നടക്കുന്നില്ലേ...?" ഒരാക്കിച്ചിരി ചിരിച്ച് പുറത്തു തട്ടിക്കൊണ്ടുള്ള ഡോക്ടറുടെ ചോദ്യത്തിന് "ഹോ" എന്നൊരു നിരാശ കലർന്ന ഒച്ച ജോണിക്കുട്ടാട്ടനിൽ നിന്നുമുണ്ടായി.

"ചില പ്രശ്നങ്ങളുണ്ട്. ഞാനൊന്ന് ക്ലിനിക്കിലേക്ക് വരാനിരിക്കയായിരുന്നു"

"ഓ അതിനെന്താ. ഒന്നു വിളിച്ചിട്ടുവന്നോളൂ." ഡോക്ടർ ചങ്ങാതി പഞ്ചാരച്ചിരി പിന്നേയും ചിരിച്ചു.

ഉദ്ഘാടനം, തുടർച്ചയായുള്ള പ്രസംഗങ്ങൾ പുസ്തക പ്രകാശനം സെമിനാർ... ഇതിനിടയിൽ ക്ലിനിക്കിലൊന്നും പോയില്ല. ഹോമിയോ ചങ്ങാതിയെ വിളിച്ചു പോലുമില്ല. പുസ്തക പ്രകാശനം കഴിഞ്ഞ് ടൗൺ ഹാളിൽ നിന്നിറങ്ങുമ്പോൾ ലിസിപ്പെണ്ണിന്റെ വിളി വന്ന് മുട്ടി. ഓ... നേരത്തേയും രണ്ടു മൂന്നു തവണ വിളിച്ചിരിക്കുന്നു. ഫോണ് അനങ്ങാപ്പാറയാക്കി ഇട്ടിരുന്നതിനാൽ കേട്ടതുമില്ല.

"എന്താ ലിസി വിളിച്ചത്" പരമാവധി മയത്തിലാണ് ചോദിച്ചത്.

"ഒന്നു ഫോണെടുക്കണമെങ്കിൽ എത്ര തവണ വിളിക്കണം" തർക്കുത്തരമാണ്.

"പരിപാടിയിലായിരുന്നു. ഫോൺ സൈലന്റിലായിരുന്നു."

"ഞാൻ കരുതി ചത്തുപോയിക്കാണുന്ന്"

ജോണിക്കുട്ടാട്ടന് ഉള്ളം കാലിൽ നിന്നും വിറയൽ അരിച്ചു കയറി. തെറി പറയാൻ പല്ലു ഞെരിച്ചു തുടങ്ങിയതാണ്. പെട്ടെന്നാണോർത്തത് ചുറ്റും ആരാധകരാണ്. പരിപാടി കഴിഞ്ഞ് എല്ലാരും വിട്ടു പോയിട്ടില്ല. 'സെൽഫി'ക്ക് നിന്നു കൊടുക്കാൻ ഫോണും പിടിച്ച് ചിലർ കാത്തു നിൽക്കുന്നുമുണ്ട്.

"സാറിന്റെ ഇന്നത്തെ പ്രസംഗം ഗംഭീരമായിട്ടുണ്ട്. ഇത്രത്തോളം സ്ത്രീപക്ഷം ചേർന്നു നിൽക്കുന്ന എഴുത്തുകാർ അധികമില്ല കേട്ടോ..."

കവയിത്രിയുടെ കൂട്ടുകാരിയാണ്. ലിസിപ്പെണ്ണിനു നേരെ പതഞ്ഞു പൊന്തിയ ദേഷ്യം കല്ലുമ്മിയിലരഞ്ഞ പോലെ നേർത്ത ചിരിയാക്കി അവർക്കു നേരെ ചൊരിഞ്ഞു.

ലിസിയെ വിളിച്ച് ശാന്തമായി ചോദിച്ചു. "നീയെന്തിനാണ് വിളിച്ചത് പറയൂ. വല്ലതും വാങ്ങിക്കാനുണ്ടോ" അപ്പുറത്ത് അവളും ശാന്തയായി. "എനിക്കൊന്നും ഉണ്ടാക്കാൻ വയ്യ. ഭയങ്കര തലവേദന. രാത്രിയേക്ക് കഴിക്കാൻ വല്ലതും വാങ്ങിച്ചോ"

"ബിരിയാണി, ഫ്രൈഡ് റൈസ്... ചപ്പാത്തി മതിയോ"

"ങ്ങ് ആ... എന്തായാലും കൊള്ളാം"

പതിവായുള്ള രണ്ടു പെഗ് വിസ്കിക്കൊപ്പം കുരുമുളകിട്ടു വരട്ടിയ കോഴിക്കറിയിൽ മുക്കി ചപ്പാത്തി ചവയ്ക്കുന്നതിനിടയിൽ ജോണിക്കുട്ടാട്ടൻ ലിസിപ്പെണ്ണിനെ നോക്കി. അവൾ മുന്നിലുള്ള ഒറ്റച്ചപ്പാത്തിയിൽ ഭൂപടം വരഞ്ഞു കളിക്കുകയാണ്.

"എന്താ കഴിക്കുന്നില്ലേ..."

"എനിക്കെന്തോ ഛർദ്ദിക്കാൻ തോന്നുന്നു"

അതും പറഞ്ഞവൾ കഴിച്ചു കൊണ്ടിരിക്കുന്ന പാത്രവുമെടുത്ത് അടുക്കളയിലേക്കോടി. ജോണിക്കുട്ടാട്ടൻ പിന്നാലെ ഓടാനൊന്നും മിനക്കെട്ടില്ല. അടുക്കളയിൻ നിന്ന് ചില ശബ്ദങ്ങൾ വന്നു. പെട്ടന്ന യാൾക്ക് കഴിച്ചു കൊണ്ടിരുന്ന ഭക്ഷണത്തിന്റെ രുചി പോയി. ഗ്ലാസിലുള്ളത് ഒറ്റ വലിക്ക് മോന്തി ഒരു പെഗ് കൂടെയെടുക്കാൻ എഴുന്നേറ്റു.

"എനിക്ക് ജീവിതം തന്നെ മടുത്തതുപോലായി" തിരിഞ്ഞു കിടന്ന് അവൾ പിറുപിറുത്തത് അയാൾ കേൾക്കാതിരുന്നില്ല. "അതിനെന്തു പറ്റി"

"ഓ..."

കടിച്ചതും കഴിച്ചതുമെല്ലാം ജോണിക്കുട്ടാട്ടനിൽ ആവിയായിപ്പോയി. രുചി, വിശപ്പ്, ആഹാരം എന്നിവയെക്കുറിച്ചുള്ള പുതുമയാർന്നൊരു ചിന്തയിലമർന്ന് അയാളെപ്പോഴോ ഉറങ്ങിപ്പോയി. മട്ടപ്പിന് കാരണമെന്തെന്ന ചിന്തയിൽ കുറേനേരം അലഞ്ഞു തിരിഞ്ഞ് ലിസിപ്പെണ്ണും കൂർക്കം വലിച്ചു. പിന്നേയും രാത്രിയായി പകലായി.

പുതുതായി വാങ്ങിയ ഫോണിൽ മുഖം പൂഴ്ത്താൻ തുടങ്ങിയപ്പോഴാണ് ലിസിപ്പെണ്ണ് വീണ്ടും ഉല്ലാസവതിയായതെന്ന് ജോണിക്കുട്ടാട്ടൻ നിരീക്ഷിച്ചു. കിട്ടുന്ന ഇടവേളകളിലൊക്കെ ഫോൺ അവളുടെ കൈയിൽ കിടന്നു പുളഞ്ഞു. ഇടയ്ക്കിടെ അണിഞ്ഞൊരുങ്ങുന്നതും പൊട്ടു തൊടുന്നതും ലിപ്സ്റ്റിക്ക് തേക്കുന്നതും സെൽഫിയെടുക്കാൻ വേണ്ടി മാത്രമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. ഫോണെങ്കില് ഫോണ്. ഒന്ന് ചിരിച്ചു കാണുമല്ലോ. അലമ്പുണ്ടാക്കാതിരിക്കുമല്ലോ. വീട്ടില് മനസ്സമാധാനം തരുമല്ലോ.

"എന്തായി" ഹോമിയോ ചങ്ങാതി ചോദിച്ചു.

"ഫോൺ തെറാപ്പി ഏറ്റൂന്ന് തോന്നുന്നു."

"എങ്കിലും ഒരു ശ്രദ്ധവേണം. കൈവിട്ടു പോകാനും സാധ്യതയുണ്ട്."

മീറ്റിംഗിന് പുറപ്പെടുമ്പോൾ പതിവില്ലാത്ത വിധം അവൾ കാറിൽ കയറിയിരുന്നത് കുറച്ച് പർച്ചേയ്സുണ്ടെന്നും പറഞ്ഞായിരുന്നു. "എന്നെ ആ മാളിനു മുന്നിൽ ഇറക്കിയാൽ മതി. പ്രസംഗം കഴിഞ്ഞാൽ ഒരു മിസ്ഡ് കോൾ വിട്ടോളൂ. ഞാനിവിടെ റെഡിയായി നിൽക്കാം. പിന്നേ ജോണിക്കുട്ടാട്ടാ ആ ഏ ടി എം കാർഡൊന്ന് തരണേ. എനിക്കും ഒരു ബാങ്ക് അക്കൗണ്ടാക്കി കുറച്ചു കാശിട്ടുതരണം. ഇത്രേം കാലം നിങ്ങക്കൊക്കെ വേണ്ടി കൊറേ പണിയെടുത്തതല്ലേ. കൂലിയായി കരുത്യാ മതി"

ലിസിപ്പെണ്ണ് പോയിട്ടും ജോണിക്കുട്ടാട്ടൻ കാറ് മുന്നോട്ടെടുക്കാൻ മറന്ന് കുറച്ചു നേരം കൂടി അവിടെ ത്തന്നെ നിന്നു. എങ്ങോട്ടാണ് പോവേണ്ടതെന്നോ എന്താണ് പരിപാടിയെന്നോയുള്ള കാര്യവും മറന്നു. തെരുവിൽ പൂക്കൾ വിൽക്കുന്നവരുടെ കലപിലക്കൊപ്പം മുല്ലമണമൊഴുകി വന്നു. ഓ മുല്ലപ്പൂ വിപ്ലവം എന്നുള്ളിൽ പറഞ്ഞ് ജോണിക്കുട്ടാട്ടൻ വണ്ടി മുന്നോട്ടെടുത്തു.

ഫ്രണ്ട്സിനൊപ്പം മൂന്നു ദിവസത്തേക്ക് ഒരു ട്രിപ്പ് പോവുന്നു എന്നൊരു മെസേജുമിട്ട് ലിസിപ്പെണ്ണ് മുങ്ങിയത് ജോണിക്കുട്ടാട്ടന് ആദ്യത്തെ അറ്റാക്കായി. ഒരു തുറന്ന ജീപ്പിൽ ട്രൗസറും ടീഷർട്ടുമിട്ട് കൂട്ടുകാരൊപ്പം ബിയർ ബോട്ടിലും ഉയർത്തിപ്പിടിച്ച് ആർമ്മാദിക്കുന്ന ചിത്രം അവൾ തന്നെ പോസ്റ്റ് ചെയ്തത് രണ്ടാമത്തെ അറ്റാക്കായി. അമ്മ അടിച്ചു പൊളിക്കയാണല്ലോ അച്ഛനെ കൂട്ടിയില്ലേ എന്നുള്ള മക്കളുടെ കത്തിക്കുത്തിയുള്ള ചോദ്യം മൂന്നാമത്തെ അറ്റാക്കും തന്നു. വീട്ടിൽ അടുപ്പു പുകയുന്ന നേരങ്ങൾ കുറഞ്ഞതും കാറ്ററിംഗ് പയ്യൻ നിരന്തരം വന്നു പോയതും വയറ്റിൽ ഏനക്കേടുണ്ടാക്കി. മീറ്റിങ്ങിനിടയിൽ അവളയച്ച ഒരു മെസേജ് വായിച്ച് ജോണിക്കുട്ടാട്ടൻ ശരിക്കും അന്തം വിട്ടു. "വരുമ്പോൾ ഒരു ബോട്ടിൽ വോഡ്ക്ക വാങ്ങിക്കണേ. ഗുവ ഫ്ളേവർ..."

പിന്നേപ്പിന്നേ അറ്റാക്കുകൾ ജോണിക്കുട്ടാട്ടന് ഏശാതെയായി. ഡൈ ചെയ്യാൻ മറന്നു പോകുന്ന ദിവസങ്ങളിലൊക്കെ ജോണിക്കുട്ടാട്ടൻ പെട്ടെന്നു വൃദ്ധനമായി.

യാ സുനാരിയോ എന്ന ജാപ്പാനീസ് എഴുത്തുകാരന്റെ The Other heart എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ ഒരു പ്രസാധകനു വേണ്ടി മലയാളത്തിലാക്കാനുള്ള ശ്രമത്തിലായിരുന്നു ജോണിക്കുട്ടാട്ടൻ. ഒരു തവണ വായന കഴിഞ്ഞതാണ്. മറ്റുള്ളവരിലേക്ക് 'പരകായപ്രവേശം' നടത്തി അവരെ അറിയാനുള്ള ഒരു മാന്ത്രികന്റെ യാത്രകളാണ് വിഷയം. മനുഷ്യ മനസ്സെന്ന നിഗൂഢ ഗുഹയിലൂടെയുള്ള ഗൂഢസഞ്ചാരം എന്ന് ചുരുക്കിപ്പറയാം. ചായക്കപ്പും നീട്ടി ലിസിപ്പെണ്ണ് കുറച്ചു നേരമായി മുന്നിൽ നിൽക്കുന്ന കാഴ്ച ജോണിക്കുട്ടാട്ടൻ കാണാൻ വൈകി. "ന്റ ജോണിക്കുട്ടാട്ടാ നിങ്ങളിത് ഏത് ലോകത്താ. കരിശ് പള്ളീല് കുർബാന കഴിഞ്ഞു വരേണ്ട നേരമായല്ലോ ഞാനീ നില്പ് തുടങ്ങീട്ട്" എന്നും പറഞ്ഞ് അയാളുടെ കൈയിൽ ചായക്കപ്പു പിടിപ്പിച്ച് അവൾ തിരിഞ്ഞു നടന്നു. അടുക്കളയിൽ ചെറിയുള്ളിമൊരിയുന്നതിന്റെയും പോർക്ക് ഉലത്തുന്നതിന്റേയും മണം വന്നു. തവിയുടെ തുമ്പിൽ ഒരു കഷണം പൊള്ളുന്ന പോർക്കുമായി "കുട്ടാട്ടാ ഇതൊന്ന് വെന്തോന്ന് നോക്കിയേ" ന്നും പറഞ്ഞ് അവള് വീണ്ടും വന്നു. പണ്ടവൾ എന്നും തരാറുള്ള പ്രണയത്തിന്റെ നറുങ്ങുകൾ അതിലെവിടെയോ ഉണ്ടല്ലോയെന്ന് അയാളപ്പോൾ മണത്തു. വായനക്കിടയിൽ പുസ്തകം അടച്ചു വെച്ച് അയാൾ അടുക്കളയോളം ചെന്നു.

ലിസിപ്പെണ്ണ് ധൃതിപിടിച്ച് പണിയിലാണ്. അയാൾ അവളുടെ പിറകിൽ ചെന്ന് ഒച്ചയില്ലാതെ നിന്നു. അവൾ മൂക്കിൽ എന്തോ മണം വലിച്ചു കേറ്റി. അയാളുടെ സാന്നിധ്യം മണത്തിലൂടെയാണ് അവൾ പെട്ടെന്ന് തിരിച്ചറിയുക. ചലനങ്ങൾ നിശ്ചലമാക്കി തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ ലിസിപ്പെണ്ണ് ചോദിച്ചു.

"എന്താ ജോണിക്കുട്ടാട്ടാ കാര്യം"

അയാളവളെ രണ്ടു കൈകൊണ്ടും വരിഞ്ഞു മുറുക്കുന്നതിനിടയിൽ ചോദിച്ചു. "നീയിന്ന് പുറത്തേക്കൊന്നും പോവുന്നില്ലേ..."

ഒരു കുഞ്ഞു പ്രാവിനെപ്പോലെ അയാളുടെ കൈകളിലൊതുങ്ങുമ്പോൾ അവൾ ചോദിച്ചു.

"വൈകുന്നേരം നമ്മുക്കൊന്ന് പുറത്തു പോയാലോ"

"പോവാം" കൈകളിൽ നിന്നും അവളെ വിടുവിച്ചു കൊണ്ടയാൾ പറഞ്ഞു.

The Other heart-ലെ എഴുത്തുകാരന്റെ ആമുഖം ജോണിക്കുട്ടാട്ടൻ മനസ്സിൽ പരിഭാഷപ്പെടുത്തുകയായിരുന്നു.

'നിങ്ങൾ നിങ്ങളുടേതല്ലാത്ത ഏതെങ്കിലും ഹൃദയത്തിലൂടെ എപ്പോഴെങ്കിലും സഞ്ചരിച്ചിട്ടുണ്ടോ. അതിന്റെ മിടിപ്പുകൾക്ക് കാതോർത്തിട്ടുണ്ടോ. സഫലീകരിക്കപ്പെടാത്ത മോഹങ്ങൾ, അടിച്ചമർത്തിയ വികാരങ്ങൾ, എത്തിപ്പിടിക്കാനാഗ്രഹിക്കുന്ന ആകാശങ്ങൾ... മറ്റൊരാളുടെ ഹൃദയം നിങ്ങളുടേതു കൂടിയാവുനിടത്താണ് നിങ്ങൾ ശരിക്കുമൊരു മനുഷ്യനാവുന്നത്. ഹൃദയമുള്ള മനുഷ്യൻ'

അസ്തമിക്കാൻ തുടങ്ങിയ കടൽകരയിലൂടെ തിരകളെ ചവിട്ടിത്തെറിപ്പിച്ച് ലിസിപ്പെണ്ണ് പാഞ്ഞു നടന്നു. അമ്പതിലേക്ക് കടക്കാൻ പോവുകയാണെന്ന യാതൊരു വിചാരവുമില്ലാതെ. ഇടയ്ക്കവൾ പാഞ്ഞു വന്ന് അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു. പിന്നെ ഒരു സ്വകാര്യമെന്ന പോലെ ചെവിയിൽ മന്ത്രിച്ചു. "ജോണിക്കുട്ടാട്ടാ, പണ്ട് ചെയ്യാറുള്ളതുപോലെ എന്നെയെടുത്ത് ഒന്ന് വട്ടംചുറ്റിക്കാമോ?"

□

കെ. ടി. ബാബുരാജ്

കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് ജനനം. അച്ഛൻ കെ. നാരായണൻ, അമ്മ ടി. കാർത്യായനി. രാമവിലാസം എൽ. പി. സ്കൂൾ, വളപട്ടണം ഗവ: ഹൈസ്കൂൾ, കണ്ണൂർ എസ്. എൻ. കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, മാനന്തവാടി ബി. എഡ് സെന്റർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കണ്ണൂർ ആകാശവാണിയിൽ പ്രോഗ്രാം കോംപിയറായും, വിവിധ പ്രാദേശിക ചാനലുകളിൽ അവതാരകനായും പ്രവർത്തിച്ചിരുന്നു. കുറേക്കാലം സമാന്തര കോളേജുകളിൽ അധ്യാപകനായി. പ്രൊഫഷണൽ ഫോട്ടോഗ്രാഫറാണ്. അദൃശ്യനായ കോമാളി, തീ അണയുന്നില്ല, ബിനാമി, ഒരു ദീർഘദൂര ഓട്ടക്കാരന്റെ ജീവിതത്തിൽ നിന്നും, മായാ ജീവിതം, സമകാലം (കഥകൾ) സാമൂഹ്യപാഠം, മഴനനഞ്ഞ ശലഭം, പുളിമധുരം, ഭൂതത്താൻ കുന്നിൽ പൂ പറിക്കാൻ പോയ കുട്ടികൾ (ബാലസാഹിത്യം) ജീവിതത്തോടു ചേർത്തുവെച്ച ചില കാര്യങ്ങൾ (അനുഭവം, ഓർമ്മ) ദൈവമുഖങ്ങൾ (നാടകം) 'Ammu and the butterfly' എന്ന പേരിൽ മഴനനഞ്ഞ ശലഭം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അബുദാബി ശക്തി അവാർഡ് (1992) ഭാഷാ പുരസ്കാരം (2003) പി. ടി. ഭാസ്കര പണിക്കർ അവാർഡ് (2014) ഭീമ രജത ജൂബിലി പ്രത്യേക പുരസ്കാരം (2015) സാഹിത്യ അക്കാദമി അവാർഡ് (2018) പ്രാദേശിക ദൃശ്യമാധ്യമ പുരസ്കാരം, കേരള സ്റ്റേറ്റ് ബയോഡൈവേർസിറ്റി ബോർഡിന്റെ ഫോട്ടോഗ്രാഫി അവാർഡ് (2017) കണ്ണാടി സാഹിത്യ പുരസ്കാരം (2019) പ്രൊഫ. കേശവൻ വെള്ളിക്കുളങ്ങര ബാല ശാസ്ത്രസാഹിത്യ അവാർഡ് (2019) എന്നിവ ലഭിച്ചിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമിയുടെ ഡോക്യുമെന്ററി പുരസ്കാരം (2020). സമഗ്ര സംഭാവനയ്ക്കുള്ള സതീർത്ഥ്യ പുരസ്കാരം (2020). കേരള സർക്കാർ പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ മിഴിവ്-2021 ഷോർട്ട് ഫിലിം അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്. ഷോർട്ട് ഫിലിം ഡോക്യുമെന്ററി വിഭാഗങ്ങളിലായി പതിനഞ്ചിലേറെ സിനിമകൾ ചെയ്തിട്ടുണ്ട്.

ഭാര്യ: നിഷ, മക്കൾ: വൈഷ്ണവ്, നന്ദന

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014